# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1581 — 10/02/2020-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് അദാലത്ത്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ടി.ബൽറാം** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ കുടുംബ സംഗമം/ അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ കുടുംബ സംഗമം/ അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | ഇത്തരം അദാലത്തിലൂടെ എന്തൊക്കെ വിഷയങ്ങളാണ് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | അദാലത്തിലൂടെ നൽകുന്ന സേവനങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| സി) | പ്രസ്തുത അദാലത്തുകൾക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഏത് ഫണ്ടിൽ നിന്നുമാണ് ഇത് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ? | സി) | അദാലത്തുകൾ സംഘടിപ്പിക്കുന്നതിനായി 04.12.2019 - ലെ സ.ഉ (സാധാ) നം. 2751/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും കുടുംബസംഗമത്തിന്റെ നടത്തിപ്പിലേക്കാവശ്യമായ നിർവ്വഹണ തുക ചുവടെ പറയും പ്രകാരം വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയിരുന്നു.<br>**ബ്ലോക്ക്തല സംഗമം**<br><br>ഗ്രാമപഞ്ചായത്ത് വിഹിതം - 20,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 50,000<br>മുനിസിപ്പാലിറ്റിതല |

| | | | |
|---|---|---|---|
| | | | സംഗമം - 2,00,000<br>കോർപ്പറേഷൻതല<br>സംഗമം -3,00,000<br><br>**ജില്ലാതല സംഗമം**<br><br>ജില്ല പഞ്ചായത്ത്<br>വിഹിതം - 1,00,000<br>ഗ്രാമപഞ്ചായത്ത്<br>വിഹിതം - 5,000 |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## വിവിധ വകുപ്പുകൾ മുഖേന നൽകുന്ന സേവനങ്ങൾ

### 1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

1) വാർദ്ധക്യകാല പെൻഷൻ - അപേക്ഷ സ്വീകരിക്കുന്നതാണ്.
2) കർഷകതൊഴിലാളി പെൻഷൻ - അപേക്ഷ സ്വീകരിക്കുന്നതാണ്.
3) വിധവാ പെൻഷൻ - അപേക്ഷ സ്വീകരിക്കുന്നതാണ്.
4) ഭിന്നശേഷി പെൻഷൻ - അപേക്ഷ സ്വീകരിക്കുന്നതാണ്.
5) തൊഴിൽരഹിത വേതനം - അപേക്ഷ സ്വീകരിക്കുന്നതാണ്.
6) ജനന-മരണ വിവാഹ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റുകൾ - അപേക്ഷ സ്വീകരിക്കുന്നതാണ്.
7) ഉടമസ്ഥാവകാശ സാക്ഷ്യപത്രം, സ്ഥിരതാമസ സാക്ഷ്യപത്രം - അപേക്ഷ സ്വീകരിക്കുന്നതാണ്.

### 2.സിവിൽ സപ്ലൈസ് വകുപ്പ്

1) റേഷൻ കാർഡ് തിരുത്തൽ - അപേക്ഷ സ്വീകരിച്ച് നടപടിയെടുക്കൽ
2) മുൻഗണനാ കാർഡ് അപേക്ഷകൾ
3) പുതിയ റേഷൻ കാർഡ് അപേക്ഷകൾ
4) റേഷൻ കാർഡിൽ അംഗങ്ങളെ ഉൾപ്പെടുത്തൽ

### 3.കൃഷി വകുപ്പ്

1) കർഷക പെൻഷൻ അപേക്ഷകൾ
2) ടെറസിൽ ഗ്രോബാഗ് കൃഷി സേവനം
3) വിത്തുകളുടെയും, തൈകളുടെയും വിതരണം
4) നൂതന കൃഷി സമ്പ്രദായങ്ങൾ സംബന്ധിച്ച അറിവ് നൽകൽ

### 4.സാമൂഹ്യ നീതി വകുപ്പ്

1) ഭിന്നശേഷിക്കാരുടെയും വയോജനക്ഷേമ പരിപാടികളുടെയും അപേക്ഷ സ്വീകരിച്ച് സേവനം ലഭ്യമാക്കൽ
2) സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയുള്ള സേവനങ്ങൾ സംബന്ധിച്ച അപേക്ഷ സ്വീകരിച്ച് നടപടി സ്വീകരിക്കലും ബോധവൽകരണവും
3) വയോമധുരം, മന്ദഹാസം തുടങ്ങിയ പദ്ധതി മുഖേനയുള്ള സേവനങ്ങൾ ലഭ്യമാക്കൽ
4) ബോധവൽക്കരണ ബ്രോഷർ വിതരണം.

## 5. കുടുംബശ്രീ

1) സ്വയംതൊഴിൽ പദ്ധതി രജിസ്ട്രേഷനും ബോധവൽക്കരണവും
2) നൈപുണ്യ വികസനം
3) സ്ത്രീകർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഹെൽപ് ഡെസ്ക്
4) തൊഴിൽ അധിഷ്ഠിത പരിശീലനം
5) കുടുംബശ്രീയുടെ വിവിധ പദ്ധതികൾ
6) ബ്രോഷർ വിതരണം

## 6. ഐ.ടി വകുപ്പ് (അക്ഷയ കേന്ദ്രം)

1) ആധാർ എൻറോൾമെൻറ്
2) ആധാർ പുതുക്കൽ
3) ആധാർ വിവരങ്ങളിൽ മാറ്റം വരുത്തൽ
4) തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് അപേക്ഷ
5) പ്രധാനമന്ത്രി സുരക്ഷ ബീമാ യോജന അംഗമാക്കൽ
6) പ്രധാനമന്ത്രി ജീവൻ ജ്യോതി

## 7. ഫിഷറീസ്

1) വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ തീരമൈത്രി യൂണിറ്റുകളിൽ അംഗത്വം
2) കുളം/പുഴ പാട്ടത്തിനെടുത്ത് മത്സ്യകൃഷി
3) അലങ്കാര മത്സ്യകൃഷി
4) ജനകീയ മത്സ്യകൃഷി പദ്ധതി
5) വനിതകൾക്കൊരു മീൻ തോട്ടം
6) 40%-ഓളം സബ്സിഡിയുള്ള വിവിധ പദ്ധതികൾ

## 8. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

1) ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ തൊഴിൽദിന ലഭ്യത ഉറപ്പാക്കൽ
2) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (നഗര പ്രദേശങ്ങളിൽ)
3) തൊഴിൽ കാർഡ് വിതരണം
4) കിണർ നിർമ്മാണം
5) മഴവെള്ളക്കൊയ്ത്ത്, ബയോഫെൻസിംഗ് ഉപയോഗിച്ച് വേലി നിർമ്മാണം
6) പശുതൊഴുത്ത്, കോഴിക്കൂട്, ആട് വളർത്ത്ൽ, ഗ്രൂപ്പ് ആക്ടിവിറ്റീസിനായി വർക്ക് ഷെഡ് നിർമ്മാണം, എം.കെ.എസ്.പി മുഖേന തെങ്ങ് കയറ്റ പരിശീലനം.
7) ജലസംരക്ഷണം, മാലിന്യ ശേഖരണം, ജീവനോപാധികൾ എന്നിവയുടെ പദ്ധതികൾ.

8) ഇൻഷുറൻസ് സ്കീം (12 രൂപ പ്രീമിയം)

## 9.വ്യവസായ വകുപ്പ്

1) തൊഴിൽ വൈദഗ്ദ്ധ്യമുള്ള കുടുംബങ്ങളെ പഞ്ചായത്തിലുള്ള സ്കിൽ ഡെവലപ്മെൻറ് സൊസൈറ്റികളിൽ അംഗങ്ങളാക്കൽ

2) തൊഴിൽദായക പദ്ധതികൾ പരിചയപ്പെടുത്തൽ

3) നാനോ ഹൗസ്ഹോൾഡ് പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ

4) തദ്ദേശസ്വയംഭരണ തലത്തിൽ ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നിവേദനം നൽകൽ.

## 10. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്

1) ഗുണഭോക്തൃ കുടുംബങ്ങൾക്ക് സ്കിൽ ട്രെയിനിംഗ്

2) വിദ്യാർത്ഥികൾക്ക് വിദേശത്ത് പോകുന്നതിനുള്ള സൗകരമൊരുക്കൽ

3) വനിതകൾക്കും സ്വയംതൊഴിൽ സഹായ സംഘങ്ങൾക്കും സബ്സിഡി

4) ചികിത്സാ സഹായം ആവശ്യങ്ങൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യമൊരുക്കൽ

5) വകുപ്പ് വഴി ലഭ്യമാക്കുന്ന വിവിധ പദ്ധതികളുടെയും സേവനങ്ങളുടെയും ബോധവൽക്കരണം.

6) കുടുംബങ്ങളുടെ തുടർ ആവശ്യകത വിലയിരുത്തൽ

7) കടം എഴുതിത്തള്ളുന്ന പദ്ധതി

## 11. ക്ഷീര വികസന വകുപ്പ്

1) പശു വളർത്തലുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം

2) ക്ഷീര സംഘങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നവർക്ക് ലഭ്യമാകുന്ന പ്രയോജനങ്ങളെക്കുറിച്ച് ബോധവൽക്കരണം

## 12. ആരോഗ്യ വകുപ്പ്

1) സൗജന്യ വൈദ്യ പരിശോധന

2) ജീവിത ശൈലീ രോഗ ബോധവൽക്കരണ ക്ലിനിക്കുകൾ

3) രോഗപ്രതിരോധ മാർഗ്ഗരേഖ കൗൺസലിംഗ്

4) ആർദ്രം ജനകീയ കാമ്പയിൻ

## 13. റവന്യൂ

1) പട്ടയം നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ

2) സാക്ഷ്യപത്ര വിതരണം
3) സി.എം.ഡി.ആർ.എഫ് അദാലത്ത്

**14. ശുചിത്വ മിഷൻ**

1) മാലിന്യ സംസ്കരണ മാർഗ്ഗത്തെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കൽ - ബ്രോഷർ
2) സോക്പിറ്റ് നിർമ്മിക്കുന്നതിനുള്ള സഹായം
3) ഗുണഭോക്തൃ കുടുംബങ്ങൾക്ക് ശുചിത്വ കലണ്ടർ തയ്യാറാക്കി നൽകൽ

**15. വനിതാ ശിശു വികസനം**

1) അംഗനവാടികളിൽ പോകാത്ത കുട്ടികൾ, കിടപ്പ് രോഗികൾ എന്നിവരെ കണ്ടെത്തി സഹായം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ

**16. ഗ്രാമവികസന വകുപ്പ്**

1) എം.കെ.എസ്.പി പദ്ധതി - തെങ്ങുകയറ്റം, കൃഷി തുടങ്ങിയവയ്ക്ക് യന്ത്രങ്ങൾ സൗജന്യമായി നൽകൽ.

**17. പബ്ലിക് റിലേഷൻസ് വകുപ്പ്**

1) വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച ലഘുലേഖകൾ

**18. ലീഡ് ബാങ്ക്**

1) അക്കൗണ്ട് ഓപ്പണിംഗ്,
2) പെൻഷൻ പദ്ധതിയിൽ ചേർക്കൽ (അടൽ പെൻഷൻ യോജന),
3) കുറഞ്ഞ ചിലവിൽ ചേരാവുന്ന ലൈഫ് ഇൻഷുറൻസ് , അപകട ഇൻഷുറൻസ് ഇവകളുടെ പോളിസികളിൽ ചേർക്കൽ (പ്രധാൻമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പ്രധാൻമന്ത്രി സുരക്ഷാ ബീമാ യോജന)

സെക്ഷൻ ഓഫീസർ